# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6218 — 02.04.2018- ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ സ്വർണ്ണപണയ വായ്പ തട്ടിപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു.ആർ.പ്രദീപ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്നതിനു ശേഷം എത്ര സഹകരണ ബാങ്കുകളിൽ സ്വർണ്ണപണയ വായ്പ തട്ടിപ്പുകളും, ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്; സ്വർണ്ണ പണയ വായ്പ ക്രമക്കേടുകൾ കണ്ടെത്തിയ സഹകരണ ബാങ്കുകളുടെ പേരുവിവരം വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ താഴെപ്പറയുന്ന 35 പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ സ്വർണ്ണപ്പണയ വായ്പ തട്ടിപ്പ് നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br>1. അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം<br>2. മാധവ വിലാസം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം.<br>3. സിറ്റി സർവ്വീസ് സഹകരണ സംഘം<br>4. മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 707<br>5. രാമപുരം വടക്ക് ഐശ്വര്യ പ്രദായിനി എസ്.സി.ബി.(ക്ലിപ്തം) നമ്പർ 1493<br>6. കണിച്ചുകുളങ്ങര എസ്.സി.ബി. (ക്ലിപ്തം) നമ്പർ 1179<br>7. വളമംഗലം എസ്.സി.ബി.(ക്ലിപ്തം) നമ്പർ 1444<br>8. ശ്രീകണ്ഠമംഗലം എസ്.സി.ബി.(ക്ലിപ്തം) നമ്പർ 974<br>9. നീലൂർ എസ്.സി.ബി<br>10. കിഴത്തടിയൂർ എസ്.സി.ബി. 1995<br>11. പൊൻകുന്നം എസ്.സി.ബി. 527<br>12. എറ്റുമാനൂർ എസ്.സി.ബി. 4069<br>13. ചെങ്ങളം എസ്.സിബി.<br>14. കവളങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1348<br>15. മുണ്ടൂർ എസ്.സി.ബി.<br>16. ആറാട്ടുപുഴ എസ്.സി.ബി<br>17. തൈക്കാട് സർവ്വീസ് സഹകരണ ബാങ്ക് എഫ് 7084<br>18. കുന്നംകുളം ടൗൺ മൾട്ടി പർപ്പസ് |

സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1178

19. പുന്നപ്പാല സർവ്വീസ് സഹകരണ ബാങ്ക്
20. തിരുവാലി സർവ്വീസ് സഹകരണ ബാങ്ക്
21. താനാളൂർ സർവ്വീസ് സഹകരണ ബാങ്ക്
22. ആനക്കയം സർവ്വീസ് സഹകരണ ബാങ്ക്
23. ചെക്യാട് എസ്.സി.ബി.
24. ആയഞ്ചേരി AICOS
25. കുരാച്ചുണ്ട് അർബൻ സഹകരണ സംഘം
26. കരിവെള്ളൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി.1924
27. അഴീക്കോട് സൗത്ത് വനിതാ സഹകരണ സംഘം ക്ലിപതം നമ്പർ 1348
28. പിലിക്കോട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്
29. ഉദുമ പനയാൽ അർബൺ സി.എസ്
30. തൃക്കരിപ്പൂർ അർബൺ സി.എസ്
31. മുട്ടത്തൊടി എസ്.സി.ബി
32. പെർഡാല എസ്.സി.ബി
33. മജ്ബയിൽ എസ്.സി.ബി
34. പെരുമ്പള എസ്.സി.ബി
35. ചെമ്മനാട് എസ്.സി.ബി

| | |
|---|---|
| (ബി) ബാങ്കുകളിൽ പണയവസ്തുവായി സൂക്ഷിച്ചിട്ടുള്ള സ്വർണ്ണ ഉരുപ്പടികൾ യഥാർത്ഥ സ്വർണ്ണമാണെന്ന് ഉറപ്പ് വരുത്തുന്നതിനായി പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) ബാങ്കുകളിൽ പണയ വസ്തുവായി സൂക്ഷിച്ചിട്ടുള്ള സ്വർണ്ണ ഉരുപ്പടികൾ യഥാർത്ഥ സ്വർണ്ണമാണെന്ന് ഉറപ്പ് വരുത്തുന്നതിനായി പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനു പുറമേ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശ പ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ വീണ്ടും സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികൾ |

കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നു വരുന്നതായി ആക്ഷേപമുയർന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പ വരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്തം ടി കമ്മിറ്റിയ്ക്കും സംഘത്തിലെ ഭരണ സമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**